**"ഭരണഭാഷ – മാതൃഭാഷ"**

**ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ നടപടിക്രമം**

**(ഹാജർ - ശ്രീ. എം.എ മുഹമ്മദ് അൻസാരി, എം.ടെക്ക്, എം.ഐ.ഇ)**

തീയതി-23-05-2024

ഉത്തരവ് നമ്പർ : HECE/371/2024-B1

വിഷയം: ജീവനക്കാര്യം- ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്- സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ആഫീസ് അറ്റൻഡൻറ് ശ്രീ. ആർ. ഷാജിയ്ക്ക് തസ്തികമാറ്റം മുഖേന ക്ലാർക്കായി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:
1. 03/01/2021-ലെ സ.ഉ(പി) നം.1/2014/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.
2. 19/07/2014-ലെ സ.ഉ(പി).നം.21/2014/ഉ.ഭ.പ.വ നമ്പർ സർക്കാർ ഉത്തരവ്.
3. ഈ വകുപ്പിൽ താഴ്ന്ന തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ 01/01/2019 അടിസ്ഥാനമാക്കിയ സംയോജിത ഗ്രഡേഷൻ ലിസ്റ്റ്.

വിവിധ സർക്കാർ വകുപ്പുകളിലെ ക്ലാർക്ക്/ ടൈപ്പിസ്റ്റ് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% ഒഴിവുകളിൽ അതത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് (സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വരുമാനക്കാരായ ജീവനക്കാർ ഉൾപ്പെടെ) യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിൻറെ അടിസ്ഥാനത്തിൽ ഈ വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെയും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വരുമാനക്കാരായ ജീവനക്കാരുടെയും യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിലുള്ള സംയോജിത സീനിയോറിറ്റി ലിസ്റ്റ് പരാമർശം (3) പ്രകാരം തയ്യാറാക്കി സർക്കുലേറ്റു ചെയ്തിട്ടുണ്ട് .

പരാമർശം (2)-ലെ ഉത്തരവ് പ്രകാരം 03/01/2014-ന് ശേഷം ക്ലാർക്ക് തസ്തികയിൽ ആദ്യമുണ്ടാകുന്ന ഒഴിവ് തസ്തികമാറ്റത്തിനായി നീക്കി വയ്ക്കേണ്ടതും തുടർന്നുള്ള 9 ഒഴിവുകൾ പി.എസ്.സി മുഖേന നികത്തേണ്ടതുമാണ്. അപ്രകാരം സംയോജിത സീനിയോറിറ്റി ലിസ്റ്റിൽനിന്നും നിയമിതനായ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ക്ലാർക്ക് ശ്രീ. മണിയൻ. കെ., 30/4/2024-ന് പ്രായപൂർത്തി പെൻഷനിൽ വിരമിച്ചത് വഴിയുണ്ടായ ക്ലാർക്ക് തസ്തികയിലെ ഒഴിവ്, പരാമർശം (3) പ്രകാരമുള്ള താഴ്ന്ന വരുമാനക്കാരായ ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റിലെ ഏറ്റവും സീനിയറായ ആൾക്ക് ബൈട്രാൻസ്ഫർ നിയമനം വഴി നികത്തേണ്ടുന്ന ഒഴിവാണ്. സീനിയോറിറ്റി പട്ടികയിലെ നിലവിലെ ഏറ്റവും സീനിയറായ ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ആഫീസ് അറ്റൻഡൻറ് ശ്രീ. ആർ. ഷാജിക്കാണ് തസ്തികമാറ്റം മുഖേന ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അർഹത. ഈ സാഹചര്യത്തിൽ ചുവടെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ദക്ഷിണ മേഖല സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിലെ ആഫീസ് അറ്റൻഡൻറ് ശ്രീ. ആർ. ഷാജിയെ ₹ 26,500-60,700/- ശമ്പള സ്കെയിലിൽ ക്ലാർക്ക് തസ്തികയിൽ ബൈട്രാൻസ്ഫർ മുഖേന അതേ കാര്യാലയത്തിൽ നിലവിൽ വന്ന ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു. ടിയാന്റെ നിയമനം കേരളാ സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് Rule 9(a) (i) പ്രകാരമാണ്. ടി തസ്തികയുടെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ 3 വർഷത്തിനുള്ളിൽ രണ്ട് വർഷത്തെ തൃപ്തികരമായ സേവനമാണ്. പ്രൊബേഷൻ കാലയളവിനുള്ളിൽ ടിയാൻ എം.ഒ.പി ടെസ്റ്റ് പാസ്സാകേണ്ടതാണ്. ടിയാൻ ഈ ഉത്തരവ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ ക്ലാർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

Signed by
Mohamed Ansari M A
Date: 23-05-2024 19:13:28
CHIEF ENGINEER

സ്വീകർത്താവ്:
ശ്രീ ആർ ഷാജി, ആഫീസ് അറ്റൻഡൻറ് (ആഫീസ് മേധാവി മുഖേന)

പകർപ്പ് :
1. സൂപ്രണ്ടിംഗ് എഞ്ചിനീയർ, ദക്ഷിണ മേഖല, തിരുവനന്തപുരം
2. വെബസൈറ്റ് / സ്റ്റോക്ക് ഫയലിലേക്ക്